**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2222** **12-02-2024 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ കിരൺ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആരോഗ്യ കിരൺ പദ്ധതി പ്രകാരം ലഭ്യമായിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (എ) | പതിനെട്ടുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ആരോഗ്യ കിരണം. സർക്കാർ ഉദ്യോഗസ്ഥരുടെ ആശ്രിതരോ, ആദായ നികുതിദായകരോ അല്ലാത്ത കുടുംബങ്ങളിൽ ഉൾപ്പെടുന്ന പതിനെട്ടു വയസ്സിൽ താഴെ പ്രായമുള്ള തദ്ദേശീയരായ കുട്ടികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.<br><br>രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) പദ്ധതി പ്രകാരം ചികിത്സ സഹായം ലഭിക്കുന്ന 30 വിഭാഗങ്ങളിൽപ്പെടുന്ന രോഗങ്ങൾക്ക് പുറമെയുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യ കിരണം പദ്ധതിയിലൂടെ പരിശോധനകൾ, ചികിത്സകൾ, മരുന്നുകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭിക്കും.<br><br>ആരോഗ്യകിരണം പദ്ധതി പ്രകാരം കിടത്തി ചികിത്സകൾക്ക് പുറമെ ഒ.പി. സേവനങ്ങളും സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാണ്.<br><br>ഒരു വയസ്സ് വരെ പ്രായമുള്ള കുട്ടികളുടെ ചികിത്സാ സേവനങ്ങൾ ദേശീയ ആരോഗ്യ ദൗത്യം നടപ്പിലാക്കുന്ന ജനനി ശിശു സുരക്ഷാ കാര്യക്രം (JSSK) എന്ന പദ്ധതി പ്രകാരമാണ് നല്കി വരുന്നത്. |

സെക്ഷൻ ഓഫീസർ